## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3086** **19/06/2018-ൽ മറുപടിയ്ക്ക്**

## പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** ഇടതടവില്ലാതെയുള്ള മഴയും പൈനാപ്പിളിന്റെ വിലയിടിവും കർഷകരെ ദുരിതത്തിലാക്കിയിട്ടുണ്ടോ ; | **(ബി)** മഴയും, പൈനാപ്പിളിന്റെ വിലയിടിവും, വിപണനം നടത്തുവാൻ സാധിക്കാതെ വരുന്നതും കാരണം കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(സി)** സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനം വഴി പൈനാപ്പിൾ സംഭരിച്ച് കർഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | **(സി)** പൈനാപ്പിളിന് വിലയിടിവുണ്ടായി പ്രതിസന്ധി-യിലായ സാഹചര്യം വന്നയുടനെ കൃഷിമന്ത്രിയും കർഷക പ്രതിനിധികളും മൂവാറ്റുപുഴ എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെ തുടർന്ന് കൃഷി വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പും, വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡും സംയുക്തമായി പൈനാപ്പിൾ സംഭരിച്ചിട്ടുണ്ട്. നിലവിൽ തുടർന്നും ഹോർട്ടികോർപ്പ് വാഴക്കുളത്തു നിന്നും പൈനാപ്പിൾ സംഭരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**